Linga Bhairavi

# മരണാനന്തര ക്രിയകൾ

**നേരിട്ടോ ഓൺലൈനിലോ സമർപ്പിക്കാം**

“ജീവിച്ചിരിക്കുന്നവരോട് നമുക്ക്
ഉത്തരവാദിത്തങ്ങൾ ഉള്ളതുപോലെ,
മരിച്ചവരോടും നമുക്ക് ഉത്തരവാദിത്തങ്ങൾ ഉണ്ട്.
മരണത്തിനുശേഷം പരിമിതമായ കാലയളവിൽ,
മരിച്ചവരിൽ സ്വാധീനം ചെലുത്താൻ സാധിക്കും.
- സദ്ഗുരു



## ഇഹലോകത്തും പരലോകത്തും ജീവനെ പരിപാലിക്കുക

കോയമ്പത്തൂർ ലിംഗ ഭൈരവി ക്ഷേത്രം മരിച്ചവർക്കു വേണ്ടിയുള്ള പ്രത്യേക കർമ്മങ്ങൾ നടത്തുന്നതിനുള്ള ഊർജ്ജ കേന്ദ്രമായി ഉപയോഗിക്കുന്നു. ഈ കർമ്മങ്ങൾ ജീവിച്ചിരിക്കുന്നവരുടെയും മരിച്ചവരുടെയും നന്മയ്ക്കായി രക്തബന്ധങ്ങൾ തമ്മിലുള്ള ഋണാനുബന്ധം (ഓർമ്മയുടെ ആലേഖനം) മാറ്റാൻ വേണ്ടിയുള്ളതാണ്.

**സദ്ഗുരു:** “ഇന്ത്യൻ സംസ്കാരത്തിൽ ഒരു വ്യക്തി മരിച്ചുകഴിഞ്ഞാൽ, നമ്മൾ എപ്പോഴും ഋണാനുബന്ധം തുടച്ചുനീക്കാൻ ആഗ്രഹിക്കുന്നു, കാരണം ഇന്നലെകൾക്ക് അതിന്റേതായ ശക്തിയുണ്ടെന്ന് നമുക്കറിയാം. അതിൽ നിന്ന് സ്വയം മോചിപ്പിക്കാത്തപക്ഷം, ഇന്നലെ നിങ്ങളുടെ നാളെയെ ഭരിക്കും. ഈ മുദ്രകൾ നിങ്ങളുടെ മനസ്സിൽ മാത്രമല്ല, നിങ്ങളുടെ ശരീരത്തിലും ഊർജ്ജത്തിലും കൂടി ഉണ്ട്. അതിനാൽ, മരണാനന്തര കർമ്മങ്ങളുടെ ഒരു പ്രധാന സവിശേഷത നിങ്ങൾ ഇതിൽ നിന്ന് മുക്തരാകണം എന്നതാണ്.”

മരിച്ചവർക്കുവേണ്ടിയുള്ള ആചാരങ്ങൾ ലിംഗ ഭൈരവി ക്ഷേത്രത്തിൽ നടത്തിയതിനുശേഷവും, വീട്ടിൽ കുടുംബാചാര പ്രകാരമുള്ള (ശ്രാദ്ധ) ചടങ്ങുകൾ, പ്രാദേശികമായി കർമങ്ങൾ നടത്തുന്നവർ വഴി നടത്താവുന്നതാണ്.



# കാലഭൈരവ കർമ്മം

മരണത്തിനുശേഷം ഒരു നിശ്ചിത കാലയളവിനുള്ളിൽ ദേവിയുടെ കൃപക്കായി  പ്രാർത്ഥിച്ച് ഈ കർമ്മം അർപ്പിക്കുന്നു, ഇത് ലിംഗ ഭൈരവിയിലും നിർകായ സ്ഥാനത്തും (ഈ ആവശ്യത്തിനായി രൂപകല്പന ചെയ്ത കുളം) നടത്തുന്നു. സ്വാഭാവികവും അസ്വാഭാവികവുമായ മരണങ്ങൾക്ക് ശേഷം ഇത് ശാന്തിയും സന്തോഷകരവുമായ ഒരു മാറ്റം കൊണ്ടുവരുന്നു.

## മരണത്തിന്റെ സ്വഭാവം അനുസരിച്ചുള്ള സമയപരിധികൾ.

മരണശേഷം ഒരു നിശ്ചിത സമയത്തിനുള്ളിൽ ഈ പ്രക്രിയ പൂർത്തിയാക്കേണ്ടതുണ്ട്; മരണത്തിന്റെ സ്വഭാവത്തെ ആശ്രയിച്ച് ഇത് 14 മുതൽ 90 ദിവസങ്ങൾ വരെയോ, അല്ലെങ്കിൽ അനിശ്ചിതകാലത്തേക്കോ നീളാം. വിശദമായ സമയരേഖകൾ വെബ്സൈറ്റിൽ ലഭ്യമാണ്.



## ആവശ്യകതകൾ:

- മരിച്ചുപോയ വ്യക്തിയുടെ ഫോട്ടോ (ജീവിച്ചിരിക്കുമ്പോഴത്തെ)
- വസ്ത്രം (അടിവസ്ത്രങ്ങൾ, സാരികൾ, മരണസമയത്ത് ധരിച്ച വസ്ത്രങ്ങൾ ഒഴികെ)
- സാധ്യമെങ്കിൽ മരിച്ച വ്യക്തിയുടെ രക്തബന്ധത്തിലുള്ളയാൾ പ്രക്രിയയിൽ പങ്കെടുക്കണം
- മൃതപ്രസവങ്ങൾക്കോ ഗർഭച്ഛിദ്രങ്ങൾക്കോ (ഗർഭധാരണത്തിന്റെ 48 ദിവസങ്ങൾക്ക് ശേഷം സംഭവിക്കുന്നത്), ആ ഗർഭകാലത്ത് എടുത്ത അമ്മയുടെ ഒരു ഫോട്ടോ ആവശ്യമാണ്. അത് ലഭ്യമല്ലെങ്കിൽ, അമ്മയുടെ മറ്റേതെങ്കിലും ചിത്രം സ്വീകരിക്കുന്നതാണ്

## കുറിപ്പ്

- ചടങ്ങുകൾക്കു ശേഷം മരിച്ചയാളുടെ കുടുംബത്തിന് അസ്ഥിപ്രസാദം ലഭിക്കുന്നതാണ്.
- കാലഭൈരവ കർമ്മം മരിച്ചവർക്ക് വേണ്ടി മാത്രമുള്ളതാണ്, ജീവിച്ചിരിക്കുന്നവർക്ക് വേണ്ടിയല്ല.
- ഈ പ്രക്രിയ മൃഗങ്ങൾക്കും വളർത്തുമൃഗങ്ങൾക്കും വേണ്ടിയുള്ളതല്ല.

കൂടുതൽ അറിയാൻ QR code സ്കാൻ ചെയ്യുക:
**bhairavi.co/karma**



# കാലഭൈരവ ശാന്തി

മരണശേഷം ഏത് സമയത്തും ഈ ക്രിയ ചെയ്യാവുന്നതാണ്, പ്രത്യേകിച്ചും കാലഭൈരവ കർമ്മത്തിന് ബാധകമായ സമയപരിധി കഴിഞ്ഞതിന് ശേഷം. ഓരോ അമാവാസി ദിവസത്തെയും (കറുത്തവാവ്) അർദ്ധരാത്രി സാന്ധ്യയിലാണ് ഇത് നടത്തുന്നത്, കൂടാതെ എല്ലാ മാസവും അല്ലെങ്കിൽ വർഷവും ഇത് ആവർത്തിക്കാവുന്നതാണ്.

മഹാലയ അമാവാസി ദിനത്തിൽ ഒരു വാർഷിക കാലഭൈരവ ശാന്തി പ്രക്രിയയും നടത്തുന്നുണ്ട്.

## ആവശ്യകതകൾ:

- മരിച്ചയാളുടെ (ജീവിച്ചിരിക്കുമ്പോൾ എടുത്ത) ഒറ്റയ്ക്കുള്ള ചിത്രം (ഗ്രൂപ്പ് ഫോട്ടോ പാടില്ല)
- മരിച്ചയാളുടെ പേര്, ജനനത്തീയതി അല്ലെങ്കിൽ ജനിച്ച വർഷം, മരണത്തീയതി അല്ലെങ്കിൽ മരിച്ച വർഷം (അല്ലെങ്കിൽ) മരിച്ചയാളുടെ അച്ഛന്റെയും അമ്മയുടെയും പേര്.
- 48 ദിവസത്തെ ഗർഭധാരണത്തിന് ശേഷമുള്ള മൃതപ്രസവങ്ങൾക്കോ ഗർഭച്ഛിദ്രങ്ങൾക്കോ, പ്രസ്തുത ഗർഭകാലത്ത് എടുത്ത അമ്മയുടെ ഫോട്ടോ ആവശ്യമാണ്. ലഭ്യമല്ലെങ്കിൽ, അമ്മയുടെ മറ്റേതെങ്കിലും ചിത്രം സ്വീകാര്യമാണ്.

## കുറിപ്പ്

- ഗർഭിണികളും ആർത്തവമുള്ള സ്ത്രീകളും കാലഭൈരവ ശാന്തി പ്രക്രിയയ്ക്ക് വരാതിരിക്കുന്നതാണ് നല്ലത്. കാരണം അത് അവരുടെ ക്ഷേമത്തിന് ഉചിതമല്ല.
- ഒരാൾക്ക് അടുത്ത 12 മാസത്തേക്കോ 10 വർഷത്തേക്കോ ഉള്ള പ്രക്രിയയ്ക്ക് ഒരുമിച്ച് രജിസ്റ്റർ ചെയ്യാനും സാധിക്കും.

കൂടുതൽ അറിയാൻ QR code സ്കാൻ ചെയ്യുക:
**bhairavi.co/shanti**

# അഗ്നി അർപ്പണം

നമ്മുടെ ജീവിതത്തെ പരിപോഷിപ്പിച്ച, അറിയുന്നതും അറിയാത്തതുമായ മുൻ തലമുറകളോടുള്ള നന്ദി പ്രകടിപ്പിക്കുന്നതിനായി ലിംഗഭൈരവിക്ക് സമർപ്പിക്കുന്ന ഒരു പുണ്യ അഗ്നി സമർപ്പണം. പേരും മറ്റ് വിവരങ്ങളും കാലപ്പഴക്കത്തിൽ നഷ്ടപ്പെട്ടവർ ഉൾപ്പെടെ, എല്ലാ മൺമറഞ്ഞ ബന്ധുക്കൾക്കും അഗ്നി അർപ്പണം നടത്താവുന്നതാണ്.

ഈ വഴിപാട് മഹാലയ അമാവാസി (സെപ്റ്റംബർ-ഒക്ടോബർ), മൗനി അമാവാസി (ജനുവരി-ഫെബ്രുവരി), ആടി അമാവാസി (ജൂലൈ-ഓഗസ്റ്റ്) എന്നീ ദിവസങ്ങളിൽ ലഭ്യമാണ്.

കൂടുതൽ അറിയാൻ QR code സ്കാൻ ചെയ്യുക:
**bhairavi.co/agni**



# മഹാലയ അമാവാസി

പരമ്പരാഗതമായി, ഈ ദിവസം വളരെ പ്രാധാന്യമർഹിക്കുന്നു, കാരണം ഇത് പിതൃപക്ഷത്തിന്റെ പരിസമാപ്തി കുറിക്കുന്നു. നമ്മുടെ ജീവിതത്തിന് സംഭാവന നൽകിയ മുൻ തലമുറകളെ ആദരിക്കുന്നതിനായി വഴിപാടുകൾ അർപ്പിക്കാൻ സമർപ്പിച്ചിട്ടുള്ള സമയമാണിത്. മഹാലയ അമാവാസി നാളിൽ ലിംഗഭൈരവിയിൽ പ്രത്യേക വാർഷിക കാലഭൈരവ ശാന്തി നടത്തപ്പെടുന്നു.

"മഹാലയ അമാവാസി എന്നത് നമ്മുടെ പൂർവ്വികരിൽ നിന്ന് ജനിതകപരമായി അകലം പാലിക്കാനുള്ള ദിവസമാണ്. നമ്മൾ അവരെയും അവരുടെ സംഭാവനകളെയും കൃതജ്ഞതാപൂർവ്വം അംഗീകരിക്കുന്നു, എന്നാൽ നമ്മുടെ സ്വന്തം ജീവിതം ജീവിക്കാൻ അവരുടെ സ്വാധീനം പരിമിതപ്പെടുത്താൻ നമ്മൾ ആഗ്രഹിക്കുന്നു." - സദ്ഗുരു

ഈ ദിവസം ദേവിക്ക് ഓൺലൈനായോ അല്ലെങ്കിൽ നേരിട്ടോ വിവിധ വഴിപാടുകൾ നടത്താനും ഭക്തർക്ക് അവസരമുണ്ട്.

കൂടുതൽ അറിയാൻ QR code സ്കാൻ ചെയ്യുക:
**bhairavi.co/ma**



## അനുഭവങ്ങൾ പങ്കുവെക്കുന്നു

“എന്റെ ഒരേയൊരു മകനെ എനിക്ക് നഷ്ടപ്പെട്ടു. ചെറുപ്പത്തിൽ ഞാൻ ദാരിദ്ര്യത്തിലായിരുന്നു ജീവിച്ചിരുന്നത്. ഇന്ന്, എന്റെ മകന് നന്നായി ജീവിക്കാൻ വീടും പണവും എല്ലാമുണ്ടായിട്ടും അവൻ എന്നെ വിട്ടുപോയി. ഒരു അമ്മ എന്ന നിലയിൽ, ഈ നഷ്ടം എന്നെ വല്ലാതെ ശൂന്യയാക്കുകയും ഭാരപ്പെടുത്തുകയും ചെയ്തു. ഞാൻ ഒരിക്കലും ആചാരങ്ങളോ പൂജകളോ ചെയ്യുന്ന ഒരാളായിരുന്നില്ല, എന്നിട്ടും എന്റെ മകന് നിത്യശാന്തി ലഭിക്കാൻ എന്തെങ്കിലും ചെയ്യണമെന്ന് എനിക്ക് തോന്നി. കാലഭൈരവ കർമ്മം ചെയ്തതിലൂടെ അവനൊരു ശാന്തമായ ഒരന്തരീക്ഷം ഒരുക്കാനായി, അതിനുശേഷം എനിക്ക് കുറച്ചുകൂടി സമാധാനം തോന്നി. എന്റെ കുടുംബാംഗങ്ങൾ പോലും എന്റെ മുഖത്തെ മാറ്റം തിരിച്ചറിയുന്നുണ്ട്.”

**ശ്രീമതി അരുണ കന്തസാമി, കരൂർ**

“ഞങ്ങളുടെ അമ്മയ്ക്ക് നിത്യശാന്തി ലഭിക്കണമെന്ന് ഞങ്ങൾ ആഗ്രഹിച്ചു. അങ്ങനെ ഞങ്ങൾ കാലഭൈരവ കർമ്മം ചെയ്തു. ഈ കർമ്മങ്ങൾ ചെയ്യുമ്പോൾ എന്റെ ശരീരവും മനസ്സും വളരെ ഭാരം കുറഞ്ഞതായി എനിക്ക് തോന്നി. സാധാരണയായി, ആൺകുട്ടികൾക്ക് മാത്രമേ കർമ്മം ചെയ്യാൻ കഴിയൂ, എന്നാൽ അവർ സ്ത്രീകൾക്കും ഈ അവസരം നൽകിയിട്ടുണ്ട്. എന്റെ അമ്മയ്ക്ക് വേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞതിൽ എനിക്ക് സംതൃപ്തിയുണ്ട്.”

**ശ്രീമതി എൽ. ലക്ഷ്മി, ചെന്നൈ**

ഈശ യോഗ സെന്റർ കോയമ്പത്തൂരിൽ താമസിക്കുന്നതിനായി:
**cottage.isha.in**

**Shri Yogini Trust,**
Linga Bhairavi, Poondi,
Coimbatore - 641114, India

info@lingabhairavi.org
+91 83000 83111
lingabhairavi.org